(ഈ) ഈ വെടിവെയ്പുകളുടെ ഫലമായി മൃതിപ്പെട്ടിട്ടുള്ളവരുടെ ശവശരീരങ്ങൾ അവരുടെ ബന്ധുമിത്രാദികൾക്കു് നൽകുകയുണ്ടായോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണം ഗവണ്മെൻറ വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പതിമൂന്നുപേർ മരിച്ചു. എഴുപത്തിരണ്ടു പേക്കു് പരുക്കുകൾ പറ്റി.

(സി) ഉണ്ടു്.

(ഡി) ലാത്തിചാർജ്ജ് മാത്രം മൂന്നു സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ടു്.

(ഈ, എഫ്) മട്ടാഞ്ചേരിവെടിവെയ്പിൽ മരിച്ചവരുടെ മൃതദേഹം അവരുടെ ബന്ധുക്കളെ ഏൽപ്പിച്ചു. 11-8-1954-ൽ തമിഴ്നാടു പ്രക്ഷോഭണം സംബന്ധിച്ചു് പുതുക്കോടയിൽ നടന്ന വെടിവെയ്പിൽ മരിച്ചവരിൽ മൂന്നുപേരുടെ മൃതദേഹം അവരുടെ അടുത്ത ആളുകൾ മറവുചെയ്തു. ബാക്കിയുള്ള സന്ദർഭങ്ങളിൽ ബന്ധുക്കളാരും ആവശ്യപ്പെടാതിരുന്നതുകൊണ്ടു് പോസ്റ്റുമാർട്ടം പരിശോധനയ്ക്കുശേഷം മറവു ചെയ്യപ്പെട്ടു.

പാസ്സാക്കിയ ഉത്തരവുകൾ.

123. [13] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം സ്റ്റേഷനറിഒന്നാംക്ലാസ്സു് മജിസ്ട്രേട്ടായിരുന്നപ്പോൾ ഗുരുതരമായ വീഴ്ചകൾക്കായി ജോലിയിൽ നിന്നും ഡിസ്മിസ് ചെയ്തിരുന്ന കെ. സി. ചാക്കോയെ മറേറതെങ്കിലും ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തുകാരണത്താലാണു് വീണ്ടും നിയമനമുണ്ടായിട്ടുള്ളതു്?

ഉത്തരം.

(എ) ഉണ്ടു്. സബ്ഡിഷനൽ ആഫീസ്സറായി നിയമിച്ചിട്ടുണ്ടു്.

(ബി) അദ്ദേഹത്തിനു കൊടുത്ത ശിക്ഷ കൂടുതലായിപ്പോയി എന്നു് ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടു്.

ടൈംസ്കെയിൽ പരിഷ്കരണം.

124. [14] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈംസ്കെയിൽ പരിഷ്കരണത്തിൽ വന്നിട്ടുള്ള പിശകുകൾക്കെതിരായി ഏതെല്ലാം ഉദ്യോഗസ്ഥന്മാരിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു?

LIBRARY ARCHIVES Kerala Legislative Assembly